പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 183

# 2024-ലെ കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 183

# 2024-ലെ കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

48/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 183

# 2024-ലെ കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് ഗിഗ്, പ്ലാറ്റ്ഫോം തൊഴിൽ ക്രമീകരണത്തിൽ ജോലി ചെയ്യുന്നവരുടെ രജിസ്ട്രേഷനും അവരുടെ ക്ഷേമത്തിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളിയായി പ്രവർത്തിക്കുന്നവരുടെ രജിസ്ട്രേഷനും അവരുടെ ക്ഷേമത്തിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം 1

പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ 13-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "ഗിഗ് തൊഴിലാളി" എന്നാൽ പരമ്പരാഗത മുതലാളി-തൊഴിലാളി എന്ന തൊഴിൽ ക്രമീകരണത്തിന് പുറത്ത് ഹ്രസ്വകാല, പാർട്ട്ടൈം, കോൺട്രാക്റ്റ് രീതികളിൽ ജോലി ചെയ്യുന്നയാൾ എന്നും സാമൂഹ്യ സുരക്ഷാ കോഡിലെ (2020-ലെ 36-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (35)-ാം ഉപവകുപ്പിൽ നൽകിയിട്ടുള്ള അർത്ഥം ഉൾക്കൊള്ളുന്നതാകുന്നു;

(സി) "പ്ലാറ്റ്ഫോം തൊഴിലാളി" എന്നാൽ 2020-ലെ സാമൂഹ്യ സുരക്ഷാ കോഡിലെ (2020-ലെ 36-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (60), (61) എന്നീ ഉപവകുപ്പുകളിൽ നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(ഡി) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഇ) "അംശദായം" എന്നാൽ 9-ാം വകുപ്പ് പ്രകാരം നിധിയിലേയ്ക്ക് നൽകേണ്ട തുക എന്നർത്ഥമാകുന്നു;

(എഫ്) "പദ്ധതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു;

(ജി) "അംഗം" എന്നാൽ ക്ഷേമനിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(എച്ച്) "വർഷം" എന്നാൽ ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ തുടങ്ങുന്ന ഒരു സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു;

(ഐ) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നാകുന്നു.

3. <u>കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി</u>.—(1) ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ ക്ഷേമത്തിനായി, സർക്കാർ, വിജ്ഞാപനം വഴി 'കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും പദ്ധതി രൂപീകരിച്ചതിനുശേഷം കഴിയുന്നത്രവേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് വിജ്ഞാപനം വഴി ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) 9-ാം വകുപ്പ് പ്രകാരമുള്ള അംശദായങ്ങൾ;

(ബി) 12-ാം വകുപ്പ് പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും;

(സി) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വസൂലാക്കിയ അപേക്ഷാ ഫീസ്;

(ഡി) 8-ാം വകുപ്പ് പ്രകാരം കടം വാങ്ങുന്ന ഏതെങ്കിലും തുക;

(ഇ) 27-ാം വകുപ്പ് പ്രകാരം വസൂലാക്കിയ നഷ്ടപരിഹാരം;

(എഫ്) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ;

(ജി) ഏതെങ്കിലും അസ്സോസിയേഷനോ സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേയ്ക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന;

(എച്ച്) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് മറ്റ് മാർഗ്ഗങ്ങളിൽ കൂടി ആർജ്ജിക്കുന്ന ഏതെങ്കിലും തുക;

(ഐ) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ്;

(ജെ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക;

(കെ) ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവിലൂടെയോ തൊഴിലാളി ക്ഷേമത്തിനായി അനുവദിക്കുന്നതായ തുക.

(4) നിധി, ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകൾ പ്രകാരം ബോർഡ് അത് കൈകാര്യം ചെയ്യേണ്ടതുമാണ്.

(5) ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകൾക്ക് വിധേയമായി നിധി താഴെപ്പറയും പ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്:—

(i) ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം ഒടുക്കിയിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാകുകയും ചെയ്ത തൊഴിലാളി അംഗത്തിന്, ഒടുക്കിയ അംശദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നല്കുന്നതിന്;

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളിക്കും അയാൾ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംഗമാകുകയും തുടർന്നുള്ള വർഷങ്ങളിൽ അംശദായം അടയ്ക്കുകയും ചെയ്യുന്ന സംഗതിയിൽ അയാൾക്ക് അറുപതുവയസ്സ് പൂർത്തിയായശേഷം പദ്ധതി പ്രകാരം അർഹമായ നിരക്കിൽ പെൻഷൻ നൽകാവുന്നതാണ്;

(ii) തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യംമൂലം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയതും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ ഒരു അംഗത്തിന് അയാൾ അംശദായം അടച്ച വർഷങ്ങളെ അടിസ്ഥാന

പ്പെടുത്തി പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നൽകുന്നതിന്:

വിശദീകരണം:— അനാരോഗ്യംമൂലം ജോലി തുടർന്നു കൊണ്ടുപോകുവാൻ സാധിക്കാത്ത ഒരു അംഗത്തിന് പെൻഷൻ ആനുകൂല്യം നൽകുന്നതിലുള്ള അർഹത നിശ്ചയിക്കുന്നതിൽ ബോർഡ് അധികാരപ്പെട്ടിരിക്കുന്നതാണ്.

(iii) ഏഴ് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകുന്നതിന്;

(iv) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന്;

(v) ഗുരുതര രോഗം ബാധിച്ച അംഗങ്ങളുടെ വൈദ്യശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകുന്നതിന്;

(vi) വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹം, വനിതാ അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന്;

(vii) അംഗങ്ങളായവരുടെയും അവരുടെ മക്കളുടെയും പഠനാവശ്യത്തിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിന്;

(viii) ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന നിരക്കിൽ ഒരു നിശ്ചിത തുക ഒറ്റത്തവണയായി നൽകുന്നതിന്;

(ix) അംഗങ്ങൾക്ക് ഉണ്ടാകുന്ന അപകടവും മരണവും, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അപകടവും മരണവും, ശാരീരിക അവശതകൾ ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക്, അംഗങ്ങൾക്കോ ആശ്രിതരായ കുടുംബാംഗങ്ങൾക്കോ അതത് സംഗതിപോലെ, നഷ്ടപരിഹാരം നൽകുന്നതിന്;

(x) അംഗങ്ങൾക്ക് അവരുടെ തൊഴിൽ സംബന്ധമായ ആവശ്യത്തിനോ, വാഹനം വാങ്ങുന്നതിനോ, താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീട് പുതുക്കുന്നതിനോ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന്;

(xi) അംഗങ്ങളുടെയോ  മക്കളുടെയോ ഉന്നത വിദ്യാഭ്യാസത്തിനോ വിദേശ വിദ്യാഭ്യാസത്തിനോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന്;

(xii) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(xiii) ബോർഡിന്റെ ദൈനംദിന ഭരണച്ചെലവുകളും, അതത് സമയം സർക്കാർ നിർദ്ദേശിക്കുന്ന മറ്റുചെലവുകളും നിർവ്വഹിക്കുന്നതിന്.

(6) ബോർഡ് തീരുമാനിക്കുന്ന പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി

ബോർഡിന് അതിന്റെ പക്കലുള്ള നിധിയിൽനിന്നും ആദായകരമെന്ന് കണ്ടെത്തുന്ന മേഖലകളിൽ നിക്ഷേപം നടത്താവുന്നതും ഭാവിയിൽ പ്രയോജനമെന്ന് വസ്തുതാപരമായി വിലയിരുത്തപ്പെടുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതുമാണ്.

(7) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച പദ്ധതിയിൽ (5)-ാം ഉപവകുപ്പിലും പട്ടികയിലും പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തിനോ അഥവാ എല്ലാ കാര്യങ്ങൾക്കുമായോ പ്രത്യേകമായി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(8) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ പദ്ധതി ഉണ്ടാകേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ പദ്ധതിക്ക് അതിനുശേഷം അതത് സംഗതിപോലെ അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. <u>നിധിയിലെ അംഗത്വം.</u>— (1) പതിനാറ് വയസ്സ് പൂർത്തിയായതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തതുമായ ഏതൊരാളിനും വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) നിധിയിൽ അംഗമാകുന്നതിനുള്ള അപേക്ഷ പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള രേഖകളും രജിസ്ട്രേഷൻ ഫീസും രജിസ്റ്ററിംഗ് അതോറിറ്റിക്ക് നൽകേണ്ടതാണ്.

(3) ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് രജിസ്റ്ററിംഗ് അതോറിറ്റിക്ക് ബോദ്ധ്യമാകുന്ന സംഗതിയിൽ അപേക്ഷകനെ അംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(4) കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ സർവ്വീസിൽനിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ചശേഷം ഗിഗ് തൊഴിലാളിയായോ പ്ലാറ്റ്ഫോം തൊഴിലാളിയായോ ജോലി ചെയ്യുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കുന്നതല്ല.

(5) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ അല്ലെങ്കിൽ ലിഖിതമായ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(6) (2)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അപേക്ഷ ഏതെങ്കിലും കാരണത്താൽ നിരസിക്കുന്ന പക്ഷം പ്രസ്തുത വിവരം അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ആയതിനുള്ള കാരണം സഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(7) അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനും അപ്പീൽ അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുംശേഷം അങ്ങനെയുള്ള അപ്പീലിന്മേൽ, അത് ലഭിച്ചശേഷം മുപ്പത് ദിവസത്തിനകം രജിസ്റ്ററിംഗ് അതോറിറ്റി തീരുമാനം കൈക്കൊള്ളേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(9) ഓരോ അംഗത്തിനും നിർണ്ണയിക്കപ്പെടാവുന്ന മാതൃകയിലുള്ള അംഗത്വ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ രേഖപ്പെടുത്തിയ പാസ്സ് ബുക്കും വിതരണം ചെയ്യേണ്ടതും അതു സംബന്ധിച്ച രജിസ്റ്റർ രജിസ്റ്ററിംഗ് അതോറിറ്റി ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

(10) ഈ വകുപ്പ് വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആവശ്യങ്ങൾക്കായി വേണ്ട രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനും രജിസ്റ്ററിംഗ് അതോറിറ്റി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

(11) നിധിയിലെ ഒരംഗം അറുപത് വയസ്സ് പൂർത്തിയാകുമ്പോഴോ ഇരുപത്തിയഞ്ച് വർഷത്തെ അംഗത്വത്തിനുശേഷം സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുമ്പോഴോ അംഗത്വം അവസാനിക്കുന്നതാണ്.

5. അംഗത്വം റദ്ദാക്കൽ.— (1) ഒരംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ വ്യാജമായ വിവരം നൽകിയിട്ടുള്ളതായോ കണ്ടെത്തുന്നപക്ഷം രജിസ്റ്ററിംഗ് അധികാരിക്ക് അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കാവുന്നതാണ്.

(2) ഒരംഗം അംശദായം അടയ്ക്കുന്നതിൽ ഒരു വർഷത്തിലധികം വീഴ്ച വരുത്തുന്ന സംഗതിയിൽ അയാളുടെ അംഗത്വം തുടരേണ്ടതുണ്ടോ എന്ന് ബോർഡിന് തീരുമാനിക്കാവുന്നതാണ്:

എന്നാൽ അംശദായം അടയ്ക്കുന്നതിലേയ്ക്കായി വിനിർദ്ദേശിക്കപ്പെട്ട നടപടിക്രമത്തിന്റെ ലംഘനംമൂലം അവസാനിച്ച ഒരാളുടെ അംഗത്വം പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേൽ പുനഃസ്ഥാപിക്കാവുന്നതാണ്.

(3) ഒരംഗം പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിംഗ് അതോറിറ്റിക്ക് അഭിപ്രായമുള്ള പക്ഷം അയാളുടെ അംഗത്വം റദ്ദാക്കാവുന്നതാണ്. അപ്രകാരമുള്ള റദ്ദാക്കലിനുള്ള തീയതി രജിസ്റ്ററിംഗ് അധികാരിക്ക് നിശ്ചയിക്കാവുന്നതും ബന്ധപ്പെട്ട അംഗത്തെ അക്കാര്യം അറിയിക്കേണ്ടതുമാണ്.

(4) അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ പാസ്സാക്കുവാൻ പാടുള്ളതല്ല.

(5) അംഗത്വം റദ്ദാക്കപ്പെടുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരു അംഗത്തിനും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(6) രജിസ്റ്ററിംഗ് അതോറിറ്റിക്ക് ഒരു കത്ത് നൽകിക്കൊണ്ട് ഒരംഗത്തിന് സ്വമേധയാ നിധിയിൽ നിന്നും പിരിഞ്ഞുപോകാവുന്നതാണ്. അങ്ങനെയുള്ള പിരിഞ്ഞുപോകൽ തീയതി അംഗത്തിന്റെ കത്തിൽ രേഖപ്പെടുത്തിയ തീയതി ആയിരിക്കുന്നതാണ്.

6. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.— 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരംഗത്തിന് അംഗത്വം അവസാനിച്ച തീയതി മുതൽ മൂന്ന് വർഷത്തിനകം, നിർണ്ണയിക്കപ്പെടാവുന്ന വാർഷിക പലിശസഹിതം ഒടുക്കുന്ന പക്ഷം അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ്:

എന്നാൽ അംശദായം ഒടുക്കുന്നതിൽ വീഴ്ച സംഭവിച്ചത് മനഃപൂർവ്വമല്ലെന്നും മതിയായ കാരണങ്ങളാലാണെന്നും ബോർഡിന് അഭിപ്രായമുള്ളപക്ഷം പലിശ ഒഴിവാക്കാവുന്നതാണ്.

7. പദ്ധതി ഭേദഗതി ചെയ്യൽ.— (1) സർക്കാരിന് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഭേദഗതിയോ റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

8. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.— ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതത് സമയം, പണം കടം വാങ്ങാവുന്നതാണ്.

9. നിധിയിലേയ്ക്കുള്ള അംശദായം.— (1) നിധിയിൽ അംഗമായി ചേരുന്ന ഓരോ തൊഴിലാളിയും പ്രതിമാസം നൂറ്‌രൂപ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്:

എന്നാൽ അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. അപ്രകാരം ഉയർന്ന നിരക്കിൽ അടച്ച തുകയിൽ അതേ

സാമ്പത്തിക വർഷത്തിൽ രണ്ട് തവണയിൽ കൂടുതൽ കുറവ് വരുത്തുവാൻ പാടുള്ളതല്ല.

(2) അംഗങ്ങൾക്ക് അവർ ഒടുക്കേണ്ടതായ അംശദായം പ്രതിമാസമായോ, അർദ്ധവാർഷികമായോ, വാർഷികമായോ അടയ്ക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന അംശദായ നിരക്ക്, സർക്കാരിന്, വിജ്ഞാപനം വഴി, പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപ വരെ എന്ന പരിധിയിന്മേൽ പരിഷ്കരിക്കാവുന്നതാണ്.

(4) അംശദായം ഓൺലൈനായോ പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന മറ്റ് രീതിയിലോ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിലോ ഈ ആവശ്യത്തിലേയ്ക്കായി അധികാരപ്പെടുത്തിയിരിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിലോ നൽകേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ അംശദായം, അത് ഒടുക്കുന്നതിന് ബോർഡ് നിർണ്ണയിച്ച ദേശസാൽകൃത ബാങ്കുകളിലോ സഹകരണ ബാങ്കിലോ സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ അടയ്ക്കാവുന്നതാണ്.

10. സർക്കാരിന്റെ അംശദായം.— ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ ക്ഷേമനിധിയിലേയ്ക്ക് അംശദായമായി നൽകേണ്ട തുകയുടെ അൻപത് ശതമാനത്തിന് തുല്യമായ തുക സർക്കാർ അംശദായമായി നൽകേണ്ടതാണ്.

11. നിലവിലുള്ള ക്ഷേമനിധികളിൽനിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.— ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിൽ പ്രവർത്തക ക്ഷേമനിധിയിലെ ഒരംഗത്തിന്റെ കണക്കിലുള്ള തുക ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേയ്ക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നതും കണക്കിൽ വരവ് വയ്ക്കപ്പെടുന്നതും അപ്രകാരമുള്ള ക്ഷേമനിധിയിലേയ്ക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

12. ലഭിക്കേണ്ട അംശദായം.— (1) ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അതിനായി ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ആവശ്യമായ അന്വേഷണം നടത്തിയതിന് ശേഷവും 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ അംഗത്തിനും പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിന് ശേഷവും ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം ലഭിക്കേണ്ട അംശദായം ഉത്തരവ് മൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച ഏതൊരു തുകയും നിർദ്ദേശിച്ച പ്രകാരം നിധിയിലേയ്ക്ക് നൽകാത്ത സംഗതിയിൽ, ഭൂമിയിൽ നിന്നുള്ള നികുതി കുടിശ്ശിക എന്നതുപോലെ ഈടാക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരാൾക്കും ഉത്തരവ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം ഇതിനായി ചുമതലപ്പെടുത്തപ്പെട്ട

ഒരു ഉദ്യോഗസ്ഥൻ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള ഉദ്യോഗസ്ഥന് അപ്പീലിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും അപ്പീൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനു ശേഷവും യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവ് അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനകം നൽകാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം സ്വീകരിച്ച നടപടികളുടെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് സ്വമേധയായോ പരാതിക്കാരൻ ഉത്തരവ് ലഭിച്ച് പതിനഞ്ച് ദിവസത്തിനകം നൽകുന്ന അപേക്ഷയിന്മേലോ അന്വേഷണം നടത്താവുന്നതും ബാധിക്കപ്പെട്ടയാളിന് പറയുവാൻ അവസരം നൽകിയശേഷം ഉത്തരവുകൾ നൽകാവുന്നതുമാണ്.

13. <u>കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണം.</u>—(1) സർക്കാരിന്, വിജ്ഞാപനം മുഖേന, അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന തീയതി പ്രാബല്യത്തോടെ കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ക്ഷേമനിധിയുടെ ഭരണ നിർവ്വഹണം നടത്തേണ്ടതും അനുബന്ധ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

(3) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടി കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(4) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാരിനെ പ്രതിനിധാനം ചെയ്യുന്നതും നാമനിർദ്ദേശം ചെയ്യപ്പെടുന്നതുമായ ആറ് ഔദ്യോഗിക അംഗങ്ങളും ഒൻപത് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(i) ഗവൺമെന്റ് സെക്രട്ടറി, തൊഴിൽ വകുപ്പ് - അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ii) ലേബർ കമ്മീഷണർ - അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ്;

(iii) അഡീഷണൽ ലേബർ കമ്മീഷണർ - അദ്ദേഹം ബോർഡിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്;

(iv) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ഉത്തര-മദ്ധ്യ-ദക്ഷിണ മേഖലകളിലെ വിവിധ ഗണത്തിലുള്ള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളെ പ്രതി നിധീകരിക്കുന്നതും ഓരോ മേഖലയിൽ നിന്നും ഒരു വനിതയുൾപ്പെടെ മൂന്ന് പേർ എന്ന കണക്കിൽ ആകെ ഒൻപത് പേർ അനൗദ്യോഗിക അംഗങ്ങൾ.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ അതിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ക്ഷേമനിധി യുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ചെയർമാനോ സെക്രട്ടറിക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

(6) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമാ യിരിക്കുന്ന ക്ഷേമനിധിയുടെ ഭരണ നിർവ്വഹണം നടത്തേണ്ടതാണ്.

(7) ബോർഡിന്റെ ഭരണ നിർവ്വഹണ ചെലവുകൾക്കായി ക്ഷേമനിധിയിൽ നിന്നും ചെലവഴിക്കുന്ന തുക അംശദായത്തിന്റെ പത്ത് ശതമാനത്തിൽ കവിയാൻ പാടില്ലാത്തതാകുന്നു.

14. <u>ബോർഡ് യോഗം</u>.— (1) ബോർഡ്, അതിന്റെ കാര്യനടത്തിപ്പിനായി കുറഞ്ഞത് തൊണ്ണൂറ് ദിവസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുള്ള ക്വാറം ചെയർമാൻ ഉൾപ്പെടെ മൂന്ന് ഔദ്യോഗിക അംഗങ്ങളും നാല് അനൗദ്യോഗിക അംഗങ്ങളും ആയിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ ചെയർമാ ന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബോർഡ് അംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യ ക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന ഏതൊരു സംഗതിയും യോഗ ത്തിൽ ഹാജരായിട്ടുള്ള ബോർഡ് അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിൽ തീരു മാനിക്കപ്പെടേണ്ടതും തുല്യ വോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന ചെയർമാനോ വൈസ് ചെയർമാനോ അല്ലെങ്കിൽ ബോർഡ് അംഗത്തിനോ ഒരു നിർണ്ണയാധി കാര വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

15. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി</u>.—(1) 13-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട എക്സ് ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് ഏത് സമ യത്തും കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗ ത്തെയും തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതും, അപ്രകാരമുള്ള നീക്കം ചെയ്യൽ, നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയതിനുശേഷമായിരിക്കേണ്ടതുമാണ്:

എന്നാൽ, പൊതുതാൽപ്പര്യ പ്രകാരം കാരണങ്ങൾ ഏഴുതി രേഖപ്പെടുത്തുന്നതോ അതിനായുള്ള അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് തോന്നുന്നപക്ഷം, നീക്കം ചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തുകയോ നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കലിന് അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതാകുന്നു.

(3) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജി വയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരേണ്ടതുമാണ്.

16. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും .</u>— (1) സർക്കാരിന്, വിജ്ഞാപനം വഴി, ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും ഇനിപ്പറയുന്ന കാരണങ്ങളാൽ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്, അതായത്.—

(എ) അദ്ദേഹം ബോർഡിന്റെ മുൻകൂർ അനുവാദം കൂടാതെ തുടരെയുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുന്ന പക്ഷം:

എന്നാൽ, ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് മുൻപായി മതിയായ കാരണങ്ങൾ ബോർഡിൽ രേഖാമൂലം അറിയിക്കുന്ന സംഗതിയിൽ അപ്രകാരമുള്ള ഹാജരാകാതിരിക്കൽ മാപ്പാക്കാവുന്നതാണ്.

(ബി) അദ്ദേഹം അംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തയാളായി തീർന്നുവെന്നോ അംഗമായി തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമായി തീരത്തക്കവണ്ണം പദവി ദുരുപയോഗപ്പെടുത്തിയതായോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം:

എന്നാൽ, ഇപ്രകാരം ഒരംഗത്തെ നീക്കം ചെയ്യുന്നതിന് മുൻപായി നീക്കം ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം പ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം, സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്ത പക്ഷം, അയാളെ അപ്രകാരം നീക്കം ചെയ്ത തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് യോഗ്യതയുണ്ടായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം, സർക്കാർ ഒരു ഉത്തരവിലൂടെ മേലിൽ അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

17. <u>ബോർഡംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.</u>— ബോർഡിലെ അനൗദ്യോഗികാംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും നിർണ്ണയിക്കപ്പെടാവുന്ന നിരക്കിൽ ആയിരിക്കേണ്ടതാണ്.

18. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>— (1) സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകളും

കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും ബോർഡിനെ സഹായിക്കുന്നതിന് വ്യവസായം, ഗതാഗതം എന്നീ വകുപ്പുകളിലെ ജോയിന്റ് ഡയറക്ടർ അല്ലെങ്കിൽ ജോയിന്റ് കമ്മീഷണർ അല്ലെങ്കിൽ സമാന തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും ജില്ലാ ക്ഷേമനിധി ഓഫീസർമാരായും ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിതരാവുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്നതാണ്.

19. സിവിൽ കോടതികളുടെ അധികാരികതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് അല്ലെങ്കിൽ പദ്ധതി പ്രകാരമോ അവയ്ക്ക് കീഴിലോ സർക്കാരോ ബോർഡോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും സംഗതി തീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ നിശ്ചയിക്കുന്നതിനോ ഉള്ള അധികാരികത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

20. സർക്കാരിന്റെ നിർദ്ദേശങ്ങൾ.— (1) സർക്കാരിന് ബോർഡ് അനുവർത്തിക്കേണ്ടതായ പൊതു നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരം ബോർഡ് പ്രവർത്തിക്കുമ്പോഴും (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതു നിർദ്ദേശങ്ങളിൽനിന്നും വ്യതിചലിക്കുന്നതിൽ സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ്.

21. നിധിയുടെ കണക്കുകളുടെ ഓഡിറ്റ്.—(1) ബോർഡ് നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ഓഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) നിധിയുടെ കണക്കുകൾ വർഷത്തിലൊരിക്കൽ അപ്രകാരമുള്ള ഓഡിറ്റർമാർ പരിശോധിക്കേണ്ടതും ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

22. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—ബോർഡ്, ഓരോ സാമ്പത്തിക വർഷത്തേയ്ക്കും മുൻസാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ വിവരം നൽകുന്ന രീതിയിൽ നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റുകളുൾപ്പെടെയുള്ള റിപ്പോർട്ട് ജൂലൈ 31-ന് മുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

23. ബോർഡിലെ അനൗദ്യോഗികാംഗങ്ങൾ പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗികാംഗവും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റായി കരുതപ്പെടേണ്ടതാണ്.

24. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.— (1) സർക്കാരിന്, ഏതവസരത്തിലും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് ലഭ്യമാക്കേണ്ട എല്ലാ രേഖകളും കണക്കുകളും വിവരങ്ങളും ബോർഡ് നൽകേണ്ടതാണ്.

25. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—(1) ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ നിർണ്ണയിച്ചിട്ടുള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

26. അംശദായം അടയ്ക്കുന്നതിലെ വീഴ്ചയും അയോഗ്യതയും.—(1) അംശദായം അടയ്ക്കുന്നതിൽ വീഴ്ച വന്ന് അയോഗ്യമായതോ അംഗത്വം അവസാനിച്ചതോ ആയ സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ നിർണ്ണയിച്ച പ്രകാരം ഒടുക്കിയ തുകയ്ക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിച്ചശേഷം അംഗങ്ങൾക്കായുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അംഗമോ നോമിനിയോ അർഹമാകുന്നതല്ല.

(3) അംഗത്വം അവസാനിച്ചശേഷം അംശദായം ഒടുക്കിയിട്ടുള്ള സംഗതിയിൽ ആയത് ഉടൻതന്നെ തിരികെ പലിശ കൂടാതെ നൽകേണ്ടതാണ്.

(4) ഏതെങ്കിലും തുക തെറ്റായി അംഗമോ അയാളുടെ നോമിനിയോ കൈപ്പറ്റിയിട്ടുള്ള സംഗതിയിൽ അധിക തുക നിയമപ്രകാരമുള്ള ഉചിത നടപടിയിലൂടെ ഈടാക്കേണ്ടതാണ്.

27. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പദ്ധതിയോ പ്രകാരമോ നിധിയിലേയ്ക്ക് അംശദായം നൽകുന്നതിൽ ഏതെങ്കിലും അംഗം വീഴ്ച വരുത്തുന്നതായാൽ ബോർഡിന് കുടിശ്ശിക തുകയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ കവിയാത്തതും യുക്തമായതുമായ തുക നഷ്ടപരിഹാരമായി സർക്കാരിന്റെ മുൻകൂർ അനുമതിയോടെ അപ്രകാരമുള്ള അംഗത്തിൽനിന്നും ഈടാക്കാവുന്നതാണ്.

28. ബോർഡിനെ അതിലംഘിക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം ബോർഡ് പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തുകയോ തുടർച്ചയായി വീഴ്ച വരുത്തുന്നതായി ബോദ്ധ്യപ്പെടുകയോ ചെയ്യുന്ന സംഗതിയിൽ സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ആറുമാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് ബോർഡിനെ അതിലംഘിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിനെ അതിലംഘിക്കുന്ന കാലയളവിൽ.—

(i) ബോർഡിന്റെ എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്നതിനായി വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതും;

(ii) ബോർഡിന്റെ എല്ലാ ഫണ്ടുകളും വസ്തുവകകളും സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും;

(iii) ബോർഡിലെ എല്ലാ അംഗങ്ങളും അപ്രകാരമുള്ള തീയതി മുതൽ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതുമാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, സർക്കാരിന് വിജ്ഞാപനം വഴി മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നതും വേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അപ്രകാരം ഭേദഗതി ചെയ്ത പ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

30. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

**പട്ടിക**

[3(2) വകുപ്പ് കാണുക]

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. തൊഴിലാളികൾ നിധിയിലേയ്ക്ക് ഏത് സമയത്ത് ഏത് രീതിയിൽ അംശദായം നൽകണമെന്നും ഏത് രീതിയിൽ വസൂലാക്കണമെന്നും.

4. ബോർഡിനെ സഹായിക്കുന്നതിനുള്ള ഏതെങ്കിലും സമിതിയുടെ രൂപീകരണം, ബോർഡിന്റെ ആസ്ഥാനം.

5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതലകൾ.

6. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകൾ ഓഡിറ്റ് ചെയ്യലും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കലും.

7. നിധിയിൽനിന്നും പണം പിൻവലിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കുറവുചെയ്യലോ മുതൽകൂട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും അപ്രകാരം കുറവു ചെയ്യുകയോ മുതൽകൂട്ടുകയോ ചെയ്യുന്നതിനുള്ള പരമാവധി തുകയും.

8. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്നെപ്പറ്റിയും കുടുംബത്തെപ്പറ്റിയും വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

9. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ടതായ രജിസ്റ്ററുകളും രേഖകളും മറ്റ് ഫാറങ്ങളും.

10. പാസ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും അത് നൽകുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമം.

11. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

12. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

13. നിധി വിനിയോഗിക്കാവുന്ന ആവശ്യങ്ങൾ.

14. അംഗങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സമർപ്പിക്കേണ്ട റിട്ടേണുകളും.

15. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

16. തൊഴിൽ അവസാനിപ്പിച്ചതോ ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയ അംഗങ്ങൾക്ക് നിധിയിൽനിന്നും നൽകേണ്ട തുകയുടെയും പെൻഷന്റെയും നിരക്ക് നിർണ്ണയിക്കൽ.

17. 11-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ട രീതി.

18. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽനിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യുന്നതിനും അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതിനും അത് പരിശോധിക്കുന്നതിനുമുള്ള നടപടിക്രമം.

19. ബോർഡംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, ഓണറേറിയം തുടങ്ങിയവ ക്രമീകരിക്കൽ.

20. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമാകുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

## ഉദ്ദേശകാര്യങ്ങളുടെ വിവരണം

പരമ്പരാഗത തൊഴിൽ മേഖലയിലെ സാഹചര്യങ്ങളിൽനിന്നും വ്യത്യസ്തമായ നിലയിൽ പണിയെടുക്കുന്നവരാണ് ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾ. ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേനയാണ് ഇവർ തൊഴിൽ നിർവ്വഹിക്കുന്നത്. ടാക്സി സേവനങ്ങൾ, ഭക്ഷണ വിതരണം തുടങ്ങിയ ഡെലിവറി സേവനങ്ങൾ, പ്ലംബിങ്ങും ഇലക്ട്രിക്കൽ വർക്കും പോലെയുള്ള സേവനങ്ങൾ, വീട്ടുജോലികളും രോഗീ പരിചരണങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ എന്നിങ്ങനെ തൊഴിലാളികൾ അതത് സ്ഥലങ്ങളിൽ എത്തി ജോലി ചെയ്യുന്ന ലൊക്കേഷൻ അധിഷ്ഠിത തൊഴിലുകൾ, സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ്, നിയമകാര്യങ്ങൾക്കുള്ള സേവനം, ധനസംബന്ധമായ സേവനങ്ങൾ തുടങ്ങി വിദൂര നിയന്ത്രിത അഥവാ ഓൺലൈൻ മുഖേനയുള്ള സേവനങ്ങൾ എന്നിങ്ങനെ രണ്ട് ഗണങ്ങളാണ് പ്ലാറ്റ്ഫോം തൊഴിലിൽ ഉൾപ്പെടുന്നത്.

2. സ്വയംതൊഴിൽ എന്ന ഗണത്തിൽ ഉൾപ്പെടുന്നതും പുതുതലമുറയെ നയിച്ച്കൊണ്ടിരിക്കുന്നതുമായാണ് ഗിഗ് വർക്ക് വ്യാപിക്കുന്നത്. ചെറുകിട സംരംഭകത്വം എന്ന നിലയിലും അത് പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. അവരവരുടെ ശേഷിക്കും താത്പര്യത്തിനുമൊത്ത് ജോലി ചെയ്ത് വരുമാനം നേടുന്നതിന് ഇടയാകുന്ന തൊഴിലുകൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

3. നീതി ആയോഗ് 2020-21-ൽ നടത്തിയ പഠനം പ്രകാരം ഏകദേശം 7.7 ദശലക്ഷം തൊഴിലാളികൾ ഗിഗ്/പ്ലാറ്റ്ഫോം മേഖലയിൽ ജോലി ചെയ്യുന്നതായി കണക്കാക്കുന്നു. 2029-30 ആകുമ്പോഴേയ്ക്കും 23.5 ദശലക്ഷം തൊഴിലാളികൾ അതായത് മൊത്തം തൊഴിൽശക്തിയുടെ 4.1 ശതമാനം എന്ന കണക്കിൽ വർദ്ധനവ് ഉണ്ടാകുമെന്ന് നീതി ആയോഗിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയിലെ മുന്നൂറിനടുത്ത നഗരങ്ങളിൽ പ്ലാറ്റ്ഫോമുകൾ വഴി സേവനങ്ങൾ നൽകുന്നതായി നീതി ആയോഗിന്റെ 2022-ലെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു.

4. പ്ലാറ്റ്ഫോം അധിഷ്ഠിത തൊഴിൽ മേഖലയിലെ സാധ്യതകൾ നിലനിൽക്കുമ്പോഴും ആ മേഖലയിലെ തൊഴിൽ ചൂഷണത്തെയും വെല്ലുവിളികളെയും ഗൗരവമായി കാണേണ്ടതുണ്ട്. പ്ലാറ്റ്ഫോം മേഖലയിൽ ജോലി ചെയ്യുന്ന ദശലക്ഷക്കണക്കിന് തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ പരിരക്ഷ നൽകുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. 2020- ലെ സാമൂഹ്യ സുരക്ഷാ കോഡിലെ (2020-ലെ 36-ാം നമ്പർ കേന്ദ്ര ആക്റ്റ്) സെക്ഷൻ 2(35), 2(60), 2(61) എന്നിവിടങ്ങളിലും 112 മുതൽ 114 വരെയുള്ള സെക്ഷനുകളിലും ഗിഗ് തൊഴിലാളികളെയും പ്ലാറ്റ്ഫോം തൊഴിലാളികളെയും സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമം നടപ്പിൽ വരുത്തിയിട്ടില്ല.

5. കേരള സംസ്ഥാനത്തും പ്ലാറ്റ്ഫോം അധിഷ്ഠിത തൊഴിൽ രംഗം വളരുന്നതായി കാണാവുന്നതാണ്. പഠനത്തോടൊപ്പം പാർട്ട്ടൈം ജോലി ചെയ്ത് വരുമാനമുണ്ടാക്കാമെന്ന നിലയിൽ ഉൾപ്പെടെ ഗിഗ്, പ്ലാറ്റ്ഫോം മേഖല പുതുതലമുറയ്ക്ക് സ്വീകാര്യമായിരിക്കുന്നു. എന്നിരുന്നാലും 'തൊഴിലാളികൾ' എന്ന നിർവ്വചനത്തിൽ ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിലിടങ്ങളിൽ ലഭ്യമാകേണ്ട സാമൂഹ്യ സുരക്ഷിതത്വങ്ങളും അവകാശങ്ങളും അവർക്ക് നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ, കേരളത്തിൽ പ്രസ്തുത മേഖലയിലെ വർദ്ധിച്ചു വരുന്ന തൊഴിലാളികളുടെ ക്ഷേമത്തെ ലാക്കാക്കി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് അവർക്കുള്ള സാമൂഹ്യ പിന്തുണ ഉറപ്പാക്കുന്നതാണ്. അതിനുദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബില്ലിലെ ഖണ്ഡം 13 പ്രകാരം രൂപീകരിക്കുന്ന ബോർഡിന്റെ ദൈനംദിന പ്രവർത്തനച്ചെലവും ഖണ്ഡം 10 പ്രകാരമുള്ള അംശദായത്തിന്റെ സർക്കാർ വിഹിതത്തിനുള്ള തുകയും ബോർഡ് നിലവിൽ വന്ന ശേഷമേ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു. എന്നിരുന്നാലും ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി "കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിനും ഈ ബില്ലിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, പട്ടികയിൽ പരാമർശിക്കുന്ന കാര്യങ്ങൾക്കായി പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ ഖണ്ഡം 3, ഉപഖണ്ഡം 5(i)-ൽ പെൻഷൻ നിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ ഖണ്ഡം 3, ഉപഖണ്ഡം 5(ii)-ൽ തൊഴിൽ അവസാനിപ്പിച്ചതോ ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയ അംഗങ്ങൾക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ ഖണ്ഡം 3, ഉപഖണ്ഡം 5(viii)-ൽ ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചവർക്കുള്ള ഒറ്റത്തവണ തുക നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ ഖണ്ഡം 3, ഉപഖണ്ഡം 5(xii)-ൽ സാമ്പത്തിക സഹായം നൽകേണ്ട മറ്റേതെങ്കിലും ഇനം പദ്ധതിയിൽ വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 3-ാം ഖണ്ഡം (7)-ാം ഉപഖണ്ഡത്തിൽ 3(5) ഖണ്ഡത്തിലും പട്ടികയിലും പരാമർശിച്ചവയ്ക്കായി പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ നിധിയിൽ അംഗമാകുന്നതിനുള്ള അപേക്ഷ, രജിസ്ട്രേഷൻ ഫീസ് എന്നിവ നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ 4-ാം ഖണ്ഡം (7)-ാം ഉപഖണ്ഡത്തിൽ അപ്പീൽ നൽകുന്നതിനുള്ള കാലയളവ് പദ്ധതിയിൽ വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 4-ാം ഖണ്ഡം (9)-ാം ഉപഖണ്ഡത്തിൽ അംഗത്വ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, പാസ്സ്ബുക്ക് എന്നിവയുടെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ 6-ാം ഖണ്ഡം അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് നൽകേണ്ട തുകയുടെ വാർഷിക പലിശ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ 8-ാം ഖണ്ഡം നിധിയുടെ ആവശ്യങ്ങൾക്കായി പണം കടം വാങ്ങുന്നതിനുള്ള നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(14) ബില്ലിലെ 9-ാം ഖണ്ഡം അംശദായ നിരക്ക് പരിഷ്കരിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(15) ബില്ലിലെ 11-ാം ഖണ്ഡം മറ്റ് ക്ഷേമനിധിയിൽനിന്നും ഈ ബില്ലിലെ നിയമപ്രകാരമുള്ള നിധിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനും കണക്കിൽ വരവ് വയ്ക്കുന്നതിനുമുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(16) ബില്ലിലെ 13-ാം ഖണ്ഡം ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(17) ബില്ലിലെ 16-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം അനൗദ്യോഗിക അംഗത്തെ നീക്കം ചെയ്യുന്നത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(18) ബില്ലിലെ ഖണ്ഡം 18, ഉപഖണ്ഡം (2), ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതി, ശമ്പളവും അലവൻസുകളും അച്ചടക്കം, സേവന-വേതന വ്യവസ്ഥകൾ എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(19) ബില്ലിലെ ഖണ്ഡം 20, ബോർഡ് അനുവർത്തിക്കേണ്ട പൊതു നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുന്നു.

(20) ബില്ലിലെ ഖണ്ഡം 28, ഉപഖണ്ഡം (1), ബോർഡിനെ അതിലംഘിക്കുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(21) ബില്ലിലെ ഖണ്ഡം 28, ഉപഖണ്ഡം (2), അഡ്മിനിസ്ട്രേറ്ററെ നിയമിച്ചു കൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(22) ബില്ലിലെ ഖണ്ഡം 29, ഉപഖണ്ഡം (1), വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(23) ബില്ലിലെ ഖണ്ഡം 30, ഉപഖണ്ഡം (1), വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(24) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയാകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എൻ. ജയരാജ്.